# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 677 02/12/2014-ൽ മറുപടിക്ക്

### ആദിവാസി മേഖലകളിലെ മാതൃശിശു മരണ നിരക്കും അട്ടപ്പാടി പാക്കേജും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ മാതൃശിശു മരണ നിരക്കുകൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | ഇല്ല. |
| (ബി) | അട്ടപ്പാടി പാക്കേജിൽ ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തിര ഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യ നീതി വകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം, ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | അട്ടപ്പാടി പാക്കേജ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകളുടെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല, വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (ഡി) | ബാധകമല്ല. |

R.N.

**സെക്ഷൻ ഓഫീസർ**